(എഫ്) കോർപ്പറേഷന്റെ മുൻ മാനേജിംഗ് ഡയറക്ടർ ശ്രീ. വി. ഹേം ചന്ദിനെതിരെ വിജിലൻസ് അന്വേഷണം നടത്തിവരുന്നു.

(ജി) വായ്പാ തുക തിരിച്ചടയ്ക്കാത്തവരുടെ പേരിൽ നിയമ നടപടികളും റവന്യൂ റിക്കവറി ആക്ട് അനുസരിച്ചുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വികലാംഗ ക്ഷേമ കോർപ്പറേഷൻ

50(2847) ശ്രീ. എം. നാരായണൻ(ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗക്ഷേമ കോർപ്പറേഷൻ എന്തൊക്കെ ക്ഷേമ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ചികിൽസാ സഹായത്തിനുവേണ്ടി അപേക്ഷിച്ച എല്ലാ വികലാംഗർക്കുസഹായം ലഭിച്ചിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സഹായം ലഭിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ നിന്നും എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) വികലാംഗരുടെ ക്ഷേമവും പുനരധിവസവും ലക്ഷ്യമായി പ്രവർത്തിക്കുന്നതിന് രൂപീകരിച്ച കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ. വികലാംഗർക്കാവശ്യമായ സഹായ ഉപകരണങ്ങൾ സൗകര്യമായി വിതരണം ചെയ്യുക, സ്വയം തൊഴിലിനായി ബാങ്ക് വായ്പ സൗകര്യപ്പെടുത്തി കൊടുക്കുക, ഇപ്രകാരം വകുപ്പ് ലഭിക്കുന്ന വികലാംഗർക്ക് 2000/-രൂപ നിരക്കിൽ സബ്സിഡി നൽകുക, ടെലിഫോൺ ബൂത്തുകൾ കംപ്യൂട്ടർ വൽക്കരിക്കുന്നതിന് ബാങ്ക് ലോണുമായി ബന്ധപ്പെടുത്തി ഗുണഭോക്താവിന് 2000/-രൂപ സബ്സിഡി നൽകുക, വികലാംഗരുടെ തൊഴിൽ സംബന്ധമായ യാത്രയ്ക്ക് ട്രൈസൈക്കിൾ മോട്ടോർ ഘടിപ്പിക്കുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനും 2000/- രൂപ നിരക്കിൽ സബ്സിഡി നൽകുക തുടങ്ങിയ പദ്ധതികൾ മുഖേന വികലാംഗരെ സഹായിച്ചുവരുന്നു.

വികലാംഗർക്കാവശ്യമായ സഹായ ഉപകരണങ്ങൾ 3 വീൽ സൈക്കിൾ, വീൽചെയർ, ശ്രവണ സഹായികൾ, ക്രച്ച്സ്, വൈറ്റ്കെയിൻ കണ്ണടകൾ, ഡ്രെയിലിസ്ളേറ്റ്, കൂടൽ കാൻസർ ബാധിച്ച രോഗികൾക്കാവശ്യമായ കൊളോസ്റ്റമിബാഗ് എന്നിവയാണ് സഹായ ഉപകരണങ്ങൾ. ജില്ലകളിൽ നടത്തുന്ന മെഡിക്കൽ ക്യാംപീൽ വച്ച് വികലാംഗരെ വിദഗ്ദ്ധ ഡോക്ടർമാർ പരിശോധിച്ച് അവർ നിർദ്ദേശിക്കുന്ന സഹായ ഉപകരണങ്ങൾ ക്യാംപിൽ വച്ച് അപ്പോൾ തന്നെ സൗജന്യമായി വിതരണം ചെയ്തു വരുന്നു. കൃത്രിമ കൈകാലുകൾ കാലിപ്പർ ഷൂസ് എന്നിവ ആവശ്യമുള്ള വികലാംഗരെ പരിശോധിച്ച് അളവെടുത്ത് 2 മാസത്തിനുള്ളിൽ അവ നിർമ്മിച്ച് അവർക്കായി വീണ്ടും ക്യാംപ് സംഘടിപ്പിച്ചും വിതരണം ചെയ്തുവരുന്നു. കുടുബ വാർഷി

LIBRARY ARCHIVES Kerala Legislative Assembly

കവരുമാനം 12,000/-രൂപ വരെയുള്ള വികലാംഗർക്കാണ് സഹായ ഉപകരണങ്ങൾ സൗജന്യമായി കോർപ്പറേഷൻ വിതരണം ചെയ്യുന്നത്. തിരുവനന്തപുരം ജില്ലയിലെ വിവിധ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലെ ഫർണിച്ചർ റിപ്പയറിംഗ് ജോലികൾ കോർപ്പറേഷൻ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നതുവഴി 60 ൽ പരം വികലാംഗർക്ക് ജോലി നൽകിവരുന്നു.

കോർപ്പറേഷനെ നാഷണൽ ഹാൻഡിക്യാപ്ഡ് ഫൈനാൻസ് ആന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ സംസ്ഥാനത്തെ ചാരലൈസിംഗ് ഏജന്റായി നിയമിച്ചിരിക്കുകയാണ്. കുറഞ്ഞ പലിശ നിരക്കിൽ വികലാംഗർക്ക് സ്വയം തൊഴിൽ ലോൺ ലഭ്യമാക്കാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

(ബി&സി) ചികിത്സാ സഹായം നൽകുന്നത് വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നാണ്. വികലാംഗദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായത്തിനുവേണ്ടി അപേക്ഷിക്കുന്ന അർഹരായ എല്ലാ വികലാംഗർക്കും ധനസഹായം അനുവദിക്കാറുണ്ട്. ഈ ആനുകൂല്യം വികലാംഗക്ഷേമ കോർപ്പറേഷന്റെ അധികാര പരിധിയിൽ വരുന്ന കാര്യമല്ല.

(ഡി) കാസർഗോഡ് ജില്ലയിൽ നിന്നും 98-99-ൽ ലഭിച്ച രണ്ട് അപേക്ഷകളിലും ധനസഹായം അനുവദിക്കുകയുണ്ടായി. ഈ വർഷം ഈ ജില്ലയിൽ നിന്ന് 64(അറുപത്തിനാല്) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവ സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ.

അങ്കൻവാടികളുടെ പ്രവർത്തനം

51(2848)ശ്രീമതി എൻ.കെ. രാധ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി. ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പല അംഗൻവാടികളിലും വർക്കർമാരും ഹെൽപ്പർമാരും കൃത്യമായി ഹാജരാകുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അവർ കൃത്യമായി എത്തുവാൻ കർശന നിർദ്ദേശം നൽകുമോ;

(ഡി) അംഗൻവാടികളിലെ കുട്ടികൾക്ക് നല്ല രീതിയിലുള്ള വിദ്യാഭ്യാസം നൽകുന്നതിലും കൂടുതൽ കുട്ടികളെ അൺ എയ്ഡഡ് വിദ്യാഭ്യാസ സംസ്കാരത്തിൽനിന്നും ഈ രംഗത്തേയ്ക്കു കൊണ്ടുവരുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ഇ) അംഗൻവാടികളിൽ വരുന്ന കുട്ടികൾക്കും ഗർഭിണികൾക്കും പാലും പോഷകമൂല്യമുള്ള ആഹാരവും നൽകുന്ന നടപടി കുറ്റമറ്റതായി നടക്കുന്നു എന്നു ഉറപ്പുവരുത്തുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

371/2010.

LIBRARY ARCHIVES Kerala Legislative Assembly